# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 644 — 25.05.2017- ൽ മറുപടിയ്ക്ക്

## സഹകരണമേഖലയിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**" വി. അബ്ദുറഹിമാൻ**<br>**" കെ.ഡി. പ്രസേനൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ . പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങളിലെ അംഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും, നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണി നടത്തുന്നതിനും അംഗസംഘങ്ങൾ വഴി വായ്പ നൽകുന്നു. |
| ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്; | (ബി) കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ നേരിട്ട് അംഗസംഘങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| സി) ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെടുത്ത് ഫെഡറേഷന്റെ വായ്പാ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നു. ഇതിനു പുറമേ എല്ലാ വർഷവും കേരള സർക്കാരിൽ നിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നുണ്ട്. ഇത്തരം ഫണ്ട് ഉപയോഗിച്ച് അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളിലൂടെ വ്യക്തിഗത വായ്പ നൽകിവരുന്നു. അംഗസംഘങ്ങളിലെ അംഗങ്ങൾക്ക് പുതിയ വീട് നിർമ്മിക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണിയ്ക്കും വായ്പ നൽകി വരുന്നു. |

........2

| | | | |
|---|---|---|---|
| ഡി) | പ്രാഥമിക സഹകരണ ഭവന നിർമ്മാണ സംഘങ്ങൾക്ക്, കുറഞ്ഞ ചെലവിൽ വീട്ടു നിർമ്മിക്കുന്നതിന് തിരിച്ചടവ് എളുപ്പമായ തരത്തിൽ സാമ്പത്തിക സഹായം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് ഫെഡറേഷൻ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, ഇടത്തരക്കാർക്കും കുറഞ്ഞ പലിശ നിരക്കിൽ പുതിയ വീട് വയ്ക്കുന്നതിന് പരമാവധി 15 ലക്ഷം രൂപയും, അറ്റകുറ്റ പണികൾക്കായി 7.5 ലക്ഷം രൂപയും അംഗ സംഘങ്ങൾ വഴി വായ്പ നൽകിവരുന്നു. തിരിച്ചടവ് എളുപ്പമാക്കുന്നതിനുവേണ്ടി കുറഞ്ഞ ഗഡു വരത്തക്ക രീതിയിൽ 15 വർഷ കാലാവധിക്ക് ദീർഘകാല വായ്പയായിട്ടാണ് നൽകിവരുന്നത്. കൃത്യമായി തിരിച്ചടവ് നടത്തുന്ന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി അടച്ച പലിശയുടെ 1% ഇൻസെന്റീവ് ആയി ഓരോ വർഷവും നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**